പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5209 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിക്കുന്ന ധനസഹായം

ചോദ്യം ഉത്തരം

ശ്രീമതി. കെ. എസ്. സലീഖ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. യ്ക്ക് എവിടെ നിന്നെല്ലാം ധനസഹായം ലഭിച്ചിട്ടുണ്ട്; എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് തുക ലഭിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ ബസ് വാങ്ങുന്നതിലേക്കായി താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.<br>KTDFC - 115 കോടി രൂപ<br>HUDCO - 130.94 കോടി രൂപ<br>KSTWC Society No. T 133, Tvpm - 2 കോടി രൂപ<br>LIC - 75 കോടി രൂപ<br>ആകെ - 322.94 കോടി രൂപ<br><br>ഇതിൽ KTDFC - യിൽ നിന്ന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും KSTWC Society No. T 133 - ൽ നിന്ന് സർക്കാർ അനുമതി പ്രകാരവും, HUDCO - ൽ നിന്ന് സർക്കാർ ഉത്തരവ് പ്രകാരവും ബസുകൾ ഇൻഷ്വറൻസ് ചെയ്ത് നൽകിയും വസ്തു ഈട് കൊടുത്തുമാണ് വായ്പ എടുത്തത്. കൂടാതെ LIC- ൽ നിന്ന് സർക്കാർ ഗ്യാരണ്ടി മുഖേനയാണ് വായ്പ എടുത്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | എത്ര വർഷം കൊണ്ടാണ് പ്രസ്തുത തുക ഓരോന്നും തിരിച്ച് നൽകേണ്ടത്; പ്രസ്തുത ധനസഹായവും പലിശയും ചേർത്ത് ഓരോ ബസ്സിനും എത്ര രൂപ തിരിച്ചടയ്ക്കേണ്ടി വരും ? | (ബി) | കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി LIC- ൽ നിന്ന് എടുത്ത ലോൺ 15 വർഷം കൊണ്ടും, HUDCO, KTDFC എന്നിവിടങ്ങളിൽ നിന്ന് എടുത്ത വായ്പ 5 വർഷം കൊണ്ടും, KSTWC Society No. T 133 - ൽ നിന്ന് എടുത്ത വായ്പ 3 വർഷം കൊണ്ടും തിരിച്ചടയ്ക്കേണ്ടതാണ്. ഇതിൽ LIC ലോണിന് 13% പലിശയും, KSTWC Society No. T 133 - ൽ നിന്ന് എടുത്ത വായ്പയ്ക്ക് 10.50% പലിശയും, KTDFC ലോണിന് നിലവിൽ 12 മുതൽ 13.50% പലിശ നിരക്കിലും HUDCO - ൽ നിന്ന് എടുത്ത വായ്പയ്ക്ക് നിലവിൽ 11.75% നിരക്കിലും പലിശയീടാക്കുന്നുണ്ട്. പലിശ നിരക്കിന് സാമ്പത്തിക കമ്പോളത്തിലെ വ്യതിയാനം അനുസരിച്ച് മാറ്റം വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ